പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1202 — 7.06.2018-ൽ മറുപടിക്ക്

**ദേശീയപാത വികസനത്തിനായി കുമാരനാശാൻ സ്മാരകത്തിന്റെ സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് തോന്നക്കൽ കുമാരനാശാൻ സ്മാരകത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നുണ്ടോ; എങ്കിൽ എത്ര സെന്റ് സ്ഥലമാണ് റോഡ് വികസനത്തിനായി ഏറ്റെടുക്കുന്നത്;<br><br>(ബി) ഈ സ്ഥലം ഏറ്റെടുക്കുന്നത് മൂലം കാനായി കുഞ്ഞിരാമൻ നിർമ്മിച്ച ശില്പങ്ങളും സ്മാരകത്തിന്റെ ഓഫീസ് മന്ദിരവും പൊളിക്കേണ്ട അവസ്ഥയുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനെതിരെയുള്ള ജനകീയ പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ? | (എ) & (ബി) & (സി) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ മുഖാന്തിരമാണ്. തോന്നക്കൽ ആശാൻ സ്മാരകം ഉൾപ്പെടുന്ന പ്രദേശത്തെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട 3(എ) നോട്ടിഫിക്കേഷൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ പ്രസിദ്ധീകരിക്കുകയോ ഈ ഭാഗത്തെ 3(ഡി) സർവ്വേ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല എന്നാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ അറിയിച്ചിട്ടുള്ളത്. ഇവ പൂർത്തിയായാലേ പ്രസ്തുത സ്മാരകത്തെ എത്ര മാത്രം ബാധിക്കും എന്ന് അറിയുവാൻ കഴിയൂ. |

S. Bindu

സെക്ഷൻ ഓഫീസർ